□□ □□
ജൂൺ
30

# നീർമുത്തുകൾ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ജിവിഎച്ച്എസ്എസ് പറവണ്ണ

Email : gvhssparavanna@gmail.com

WWW.Neermuthukal.in | Schoolnewspaper

## കളിചിരി മധുരം ഒന്നാം നാൾ

പറവണ്ണ: വർണ്ണപ്പൊലിമയിൽ നാടിന്റെ ഉത്സവമായി ജി.വി.എച്ച്.എസ്.എസ് പറവണ്ണയിലെ പ്രവേശനോത്സവം. പുത്തൻ പ്രതീക്ഷകളും ആഹ്ലാദവും ആവേശവും നിറഞ്ഞ അന്തരീക്ഷത്തിൽ





ബഹു.പിടിഎ പ്രസിഡണ്ട് കാസിം പറവണ്ണ ചടങ്ങ് ഉദ്ഘാടനം ചെയ്തു.ജനപ്രതിനിധികളും നാട്ടുകാരും രക്ഷിതാക്കളും അധ്യാപകരും വിദ്യാർത്ഥികളും എസ്പിസി കേഡറ്റുകളും ലിറ്റിൽ കൈറ്റ്സ് കേഡറ്റുകളും അണിനിരന്ന് നവാഗതരെ സ്വാഗതം ചെയ്തു. വിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കി വിദ്യാർഥികൾ അവതരിപ്പിച്ച സ്വാഗത ഗാനത്തോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്.



സർക്കാർ സ്കൂളുകളെ ശക്തിപ്പെടുത്തുന്നതിനുള്ള ഉദ്യമത്തിൽ രക്ഷിതാക്കൾ സജീവ പങ്കാളികളാകണമെന്ന് ഉദ്ഘാടകൻ അഭിപ്രായപ്പെട്ടു.ചടങ്ങിൽ ഹയർസെക്കൻഡറി പ്രിൻസിപ്പാൾ ബൈജു എൻ കെ, വി എച്ച് എസ് സി പ്രിൻസിപ്പാൾ ശ്രീ ഇസ്മായിൽ, ഹെഡ്മിസ്ട്രസ് ജലജ പി, സ്റ്റാഫ് സെക്രട്ടറി ശ്രീനിവാസൻ ഇ , സീനിയർ അധ്യാപിക സാബിറ എന്നിവർ പങ്കെടുത്തു.





വിദ്യാലയത്തിൽ നടന്ന മെഹന്ദി ഫെസ്റ്റ്

## നല്ല നാളെക്കായി നല്ല ശീലം

പറവണ്ണ : സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കാര്യക്ഷമമമായി നടപ്പാക്കുന്നതിന്റെ ഭാഗമായി 3/06/25 മുതൽ 13/06/25 വരെ വിദ്യാലയത്തിൽ എട്ട് വിഷയത്തിൽ ബോധവൽക്കരണ പരിപാടി



സംഘടിപ്പിച്ചു. വിവിധ ക്ലബ്ബുകൾ ഏറ്റെടുത്ത് നടത്തിയ പരിപാടിയുടെ പൊതു ക്രോഡീകരണം 13/06/25 ന് നടന്നു. ബോധവൽക്കരണ പരിപാടി 3 /06/ 2025 ഹെഡ്മിസ്ട്രസ് ജലജ ടീച്ചർ നിർവഹിച്ചു. മയക്കുമരുന്ന് ലഹരി ഉപയോഗത്തിനെതിരെ എന്ന വിഷയത്തിൽ 10 ബി ക്ലാസ്സിൽ പഠിക്കുന്ന റിസ്വാന പ്രബന്ധം അവതരിപ്പിച്ചു. ട്രാഫിക് നിയമങ്ങളുടെ അവലോകനം നടത്തിയത് 8 എഫിൽ പഠിക്കുന്ന റിൻഷ ഷെറിൻ ആയിരുന്നു. ആരോഗ്യ ശീലങ്ങൾ ഡിജിറ്റൽ അച്ചടക്കം, പൊതുമുതൽ സംരക്ഷണം തുടങ്ങിയ വിഷയങ്ങളിൽ കുട്ടികൾ നാടകം അവതരിപ്പിക്കുകയും അധ്യാപക ക്രോഡീകരിക്കുകയും ചെയ്തു. നല്ല ശീലം ബോധവൽക്കരണ പരിപാടി കുട്ടികൾക്ക് നവ്യമായ ഒരു അനുഭവമായി.





പരിസ്ഥിതി ദിന പ്രവർത്തനങ്ങൾ



ലോക യോഗ ദിനം

വായനദിന പരിപാടി മലയാള സർവകലാശാല



അസി .പ്രൊഫസർ ഡോ .രോഷ്നി സ്വപ്ന ഉദ്ഘാടനം ചെയ്യുന്നു.



ലിറ്റിൽ കൈറ്റ്സ് പരീക്ഷയോടനുബന്ധിച്ച് സോഫ്റ്റ്‌വെയർ പരിചയപ്പെടുത്തലും ബോധവൽക്കരണ ക്ലാസും ഹെഡ്മിസ്ട്രസ് ഉദ്ഘാടനം ചെയ്തു